# Departure of Indian Air Force special flight carrying medical assistance to Wuhan, China

February 26, 2020

## വൈദ്യസഹായവുമായി ഇന്ത്യ വ്യോമസേനയുടെ പ്രത്യേക വിമാനം ചൈനയിലെ വുഹാനിലേക്ക് പുറപ്പെട്ടു.

**26 ഫെബ്രുവരി, 2020**

മാസ്കുകൾ, ഗ്ലൗസുകൾ മറ്റു അടിയന്തര വൈദ്യോപകരണങ്ങൾ എന്നിവയുൾപ്പെടെ 15 ടൺ വസ്തുക്കളുമായി ഇന്ത്യൻ വ്യോമസേനയുടെ പ്രത്യേക വിമാനം 26 ഫെബ്രുവരി 2020 ന് ചൈനയിലെ വുഹാനിലേക്ക് പുറപ്പെട്ടു.

ചൈനയിൽ കൊറോണ വൈറസ് (കോവിഡ് 19) പൊട്ടിപുറപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ ചൈനയുടെ അഭ്യർത്ഥന പ്രകാരമാണ് മാസ്കുകളും വൈദ്യോപകരണങ്ങളും എത്തിക്കുന്നത്.

ഇന്ത്യയിലെ ജനങ്ങളുടെയും ഇന്ത്യൻ സർക്കാരിന്റെയും ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് 8 ഫെബ്രുവരി 2020 ന് പ്രധാന മന്ത്രി നരേന്ദ്ര മോഡി പ്രസിഡണ്ട് സിൻ ജിൻപിംഗിന് കത്തെഴുതിയിരുന്നു കൂടാതെ ചൈനയ്ക്ക് ആവശ്യമായ സഹായം സമ്മാനമായി വാഗ്ദാനം ചെയ്യുകയും ചെയ്തു.ഈ വൈദ്യ സഹായങ്ങൾ പൊതു ആരോഗ്യ അടിയന്തരാവസ്ഥയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ടുള്ള, അണുബാധയുടെ വ്യാപനം തടയുന്നതിനുള്ള ചൈനയുടെ ശ്രമങ്ങൾക്ക് സഹായകമായിരിക്കും.

രണ്ടു രാജ്യങ്ങളും നയതന്ത്രബന്ധങ്ങൾ സ്ഥാപിച്ചതിന്റെ 70 ആം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഇന്ന് അയച്ചിരിക്കുന്ന ഈ സഹായങ്ങൾ ഇന്ത്യയിലെ ജനങ്ങളിൽ നിന്ന് ഇന്ത്യൻ ജനത നൽകുന്ന സൗഹാർദത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകം കൂടിയാണ്.

കൂടാതെ, ഇന്ത്യയിലേക്ക് ഗതാഗത സൗകര്യം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന അയൽ രാജ്യങ്ങളിൽ നിന്നുള്ള ഇന്ത്യക്കാരും വിദേശിയരുമായിട്ടുള്ള വ്യക്തികളെ, പ്രധാന മന്ത്രി മോദിയുടെ അയൽരാജ്യങ്ങൾക്ക് മുൻഗണന നൽകുന്ന നയപ്രകാരം IAF വിമാനത്തിൽ തിരികെക്കൊണ്ട് വരുകയും ചെയ്യുന്നതാണ്.

**ന്യൂ ഡൽഹി**

**26 ഫെബ്രുവരി, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.